**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2186** **05.05.2017-ൽ മറുപടിക്ക്**

**ഇതരസംസ്ഥാന തൊഴിലാളികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനും വിവരശേഖരണത്തിനുമായി ആരോഗ്യ ഇൻഷ്വറൻസ് 'ആവാസ്' പദ്ധതി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാവുന്നതോടെ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ നിർണ്ണയിക്കാൻ കഴിയും. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയ്ക്ക് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) വൃത്തിഹീനമായ സാഹചര്യങ്ങളിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങളും ശുചിത്വ മുറികളും, ശൗചാലയങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ? | (സി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന തിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി) 1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പ്, പരസ്യ പ്രചാരണങ്ങൾ എന്നിവ |

ഉൾപ്പെടുത്തികൊണ്ടുള്ള ബോധവത്ക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 03.08.2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് അപ്നഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചെലവ് പ്രതീക്ഷിക്കുന്നത് എട്ട് കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2017 മേയ് അവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയും. കൂടാതെ തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.